LIBRARY ARCHIVES Kerala Legislative Assembly

വെളിയനാട് ബ്ലോക്കിലെ ഐ.സി.ഡി.എസ്. അംഗൻവാടികളിൽ വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഒഴിവുകൾ

59 .[3067] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിയനാട് ബ്ലോക്കിലെ ഐ.സി.ഡി.എസ്. അംഗൻവാടികളിൽ എത്ര വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഒഴിവുകൾ ഉണ്ട്;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനും സ്ഥിരനിയമനം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ ആവശ്യത്തിലേയ്ക്ക് സെലക്ഷൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കമ്മിറ്റിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെളിയനാട് ബ്ലോക്കിലെ ഐ.സി.ഡി.എസ്. പ്രോജക്ടിൽ പുളിങ്കുന്ന്, നീലംപേരൂർ എന്നീ പഞ്ചായത്തുകളിൽ ഓരോ അംഗൻവാടി വർക്കറുടെ ഒഴിവുണ്ട്. പുളിങ്കുന്ന് പഞ്ചായത്തിൽ ഒരു അംഗൻവാടി ഹെൽപ്പറുടേയും ഒഴിവുണ്ട്.

(ബി) ഇപ്പോൾ താൽക്കാലിക നിയമനം 89 ദിവസത്തേക്ക് നടത്തിവരുന്നു. സ്ഥിരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി

60 [3068] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത ഏതെല്ലാം അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും ഓരോ അംഗൻവാടി കെട്ടിട നിർമ്മാണത്തിനും പരമാവധി എത്ര തുകയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.